# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം. അനുപമ.ടി.വി.IAS)

തിരുവനന്തപുരം

നം.ഇ7/15878/2017 തീയതി.11/07/2017

വിഷയം: സാമൂഹ്യനീതി വകുപ്പ് -ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ടുമാരുടെ താൽക്കാലിക ഉദ്യോഗക്കയറ്റം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:1. സ.ഉ.(എം.എസ്)നം.65/2015 സാ.നീ.വ തീയതി.30/09/2015
2. സ.ഉ.(എം.എസ്)നം.20/2016 സാ.നീ.വ തീയതി.24/02/2016
3. ഈ കാര്യാലയത്തിൽ നിന്നുമുള്ള 11.03.2016ലെ ഇ7/11650/2016 നം ഉത്തരവ്
4. ഈ കാര്യാലയത്തിൽ നിന്നുമുള്ള 3.05.2017 ലെ ഇ11/21/2015 നം ഉത്തരവ്
5. ഈ കാര്യാലയത്തിൽ നിന്നുമുള്ള 13.06..2017ലെഇ11/22774/2017നം ഉത്തരവ്

സാമൂഹ്യനീതിവകുപ്പിൽ ഐ.സി.ഡി.എസ് മൂന്നാംഘട്ടവികസനത്തിന്റെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിനായി പരാമർശം (1) പ്രകാരം 73 ജൂനിയർ സൂപ്രണ്ടുമാരുടെ അധിക തസ്തികകൾ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവായിരുന്നു.

കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 5 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, കാറ്റഗറി 12 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽ നിന്നും മിനിസ്റ്റീരിയൽ ജീവനക്കാരെ ഒഴിവാക്കി കൊണ്ട് കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം ഭേദഗതി ചെയ്തതിനു ശേഷം മാത്രമേ ടി 73 ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം ക്രമീകരിക്കാവൂ എന്ന വ്യവസ്ഥയിന്മേൽ പരാമർശം (2) പ്രകാരം ടി തസ്തികകളിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം ഭേദഗതി ചെയ്തതിനു ശേഷം മാത്രമേ 73 ജൂനിയർ സൂപ്രണ്ട് തസ്തികയിലെ നിയമനം ക്രമീകരിയ്ക്കാൻ കഴിയുകയുള്ളൂ. എന്നാൽ വകുപ്പിൽ നിലവിലുണ്ടായിരുന്ന 22 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ഒഴിവുണ്ടാകുന്ന തീയതി പ്രാബല്യത്തിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ജൂനിയർസൂപ്രണ്ടുമാർക്ക് സ്ഥിര നിയമനത്തിന് അർഹതയുണ്ട്. വകുപ്പിലെ 22 സ്ഥിരം ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്നവരിൽ രണ്ട് ജീവനക്കാർ 31/05/2017 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്. 6 ജീവനക്കാർക്ക് പരാമർശം (4), (5) പ്രകാരം സീനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ചുവടെ പേരു പറയുന്ന 8 ജൂനിയർ സൂപ്രണ്ടുമാർക്ക് പരാമർശം (3) പ്രകാരം അനുവദിച്ച താൽക്കാലിക ഉദ്യോഗക്കയറ്റം കെ.എസ്.&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചുകൊണ്ടുത്തരവാകുന്നു.

| ക്രമ നം | ഹെഡ് അക്കൗണ്ടന്റു മാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | ജൂനിയർസൂപ്രണ്ടുമാരായി താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം നൽകിയ ജീവനക്കാരുടെ പേര് | താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം ക്രമീകരിക്കുന്ന തീയതി |
|---|---|---|---|
| 1 | 12 | ശ്രീ.എം.കെ.മോഹനദാസ് | 03/05/2017 |
| 2 | 13 | ശ്രീ.ജി.വിജയൻ ആചാരി | 31/05/2017 |
| 3 | 14 | ശ്രീ.കെ.സുനിൽ കുമാർ | 31/05/2017 |
| 4 | 15 | ശ്രീ.ക്രിസ്റ്റി.സി.ഉദുപ്പ് | 13/06/2017 |
| 5 | 16 | ശ്രീ.എ.പി.അബ്ദുൾകരീം | 13/06/2017 |
| 6 | 19 | ശ്രീ.വി.സി.സത്യൻ | 13/06/2017 |
| 7 | 20 | ശ്രീ.എ.സജീവ് | 13/06/2017 |
| 8 | 21 | ശ്രീ.എസ്.എൽ.മോഹനകുമാർ | 13/06/2017 |

മേൽ പറഞ്ഞ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തികരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയമേധാവി വരുത്തേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരന്.
പകർപ്പ്:
1. ഇ9 സീറ്റ്
2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്